(ബി) ഈ വിഷയത്തിൽ മദ്രാസ് ഗവണ്മെണ്ടു് അംഗീകരിച്ചിട്ടുള്ള നയമെന്താണെന്നു പറയാമൊ ?

റാവുബഹദൂർ ടി. കെ. നായർ :

(എ) പ്രസ്തുതവിഷയം ഗവണ്മെണ്ടിന്റെ ആലോചനയിലുണ്ടു്.

(ബി) മദ്രാസ് ഗവണ്മെണ്ടു് ഈ വിഷയത്തിൽ അംഗീകരിച്ചിട്ടുള്ള നയമെന്താണെന്നു് അന്വേഷിക്കുന്നുണ്ടു്.

മിസ്റ്റർ കെ. എ. രാഘവൻ : എത്ര നാളായി ഈ അന്വേഷണം തുടങ്ങിയിട്ടു്?

റാവു ബഹദൂർ ടി. കെ. നായർ : അന്വേഷണം തുടങ്ങിയിട്ടു് കുറച്ചു നാളായി. തീരുമാനമായിട്ടില്ല. ഏതാണ്ടു് നമ്മുടെ അടുത്തുള്ള പ്രോവിൻസുകളിലെ ഗവണ്മേണ്ടിന്റെ തീരുമാനമന്വേഷിച്ചുള്ള ഒരു നയം ഇവിടേയും ഗ്രഹിക്കാമെന്നു് വെച്ചിരിക്കുകയാണു്.

മിസ്റ്റർ പി. എ. മുഹമ്മദു് അഷറോഫ് : ആ തീരുമാനമന്വേഷിച്ചായിരിക്കുമൊ ഇവിടേയും തീരുമാനിക്കുവാൻ പോകുന്നതു്?

റാവു ബഹദൂർ ടി. കെ. നായർ: അവിടത്തെ നയം അങ്ങിനെതന്നെ ഇവിടെ പകർത്തണമെന്നു് വിചാരിക്കുന്നില്ല. പക്ഷെ അവിടത്തെ തീരുമാനവും നമ്മുടെ ആവശ്യങ്ങളുംകൂടി ആലോചിച്ചു് അതു് ഇവിടെ പറ്റുന്ന വിധത്തിലാണെങ്കിൽ മാത്രമേ ആ തീരുമാനം അന്വേഷിച്ചായിരിക്കുകയുള്ളു.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഈ സബ്ബു് അസിസ്റ്റാണ്ടു് സർജൻമാരുടെ മെഡിക്കൽ കാളിഫിക്കേഷൻ എന്താണു ?

റാവു ബഹദൂർ ടി. കെ. നായർ : L.M.P.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : ഇതു് ഇപ്പോൾ ഉണ്ടൊ?

റാവു ബഹദൂർ ടി. കെ. നായർ: ഇല്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: എത്ര കാലമായി എടുത്തുകളഞ്ഞിട്ടു ?

റാവു ബഹദൂർ ടി. കെ. നായർ : ഏതാണ്ടു് പത്തു കൊല്ലമായി.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : എം. ബി. ബി. എസ്സു്. പാസ്സായവരേക്കാൾ, എൽ. എം. പി. പാസ്സായി പത്തു കൊല്ലത്തോളം സർവ്വീസുള്ളവരായിരിക്കും ഭേദമെന്നു ഗവണ്മെണ്ടിന്നറിയാമൊ ?

റാവു ബഹദൂർ ടി. കെ. നായർ : പുതിയതായിട്ടു ഡിഗ്രി എടുത്തു വന്നിട്ടുള്ള ആളുകളും എൽ. എം. പി. പാസ്സായി പത്തു കൊല്ലം പ്രാക്ടീസുള്ള ആളുകളുംകൂടി താരതമ്യപ്പെടുത്തിനോക്കിയാൽ രണ്ടും രണ്ടുതരത്തിലാണു് കാണുന്നതു്.

COIR FACTORY—STARTING OF

124. Mr. M. I. Paul *(Narakkal)*: Will Government be pleased to state.—

Whether the Government have taken any action for the starting of a Coir Factory at Narakkal, if so, what is the scheme in view?

Mr. C. R. Iyyunni *(Minister for Revenue)*:

There is no proposal to start a Coir Factory at Narakkal; but it is proposed to organise the Coir Industry in the locality on a co-operative basis.

PORAMBOKE LANES—OPENING OF

125. മിസ്റ്റർ എം. കെ. വള്ളീസ് : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമൊ.—

പള്ളിപ്പുറം വില്ലേജിൽ ഞൊണ്ടിയുടെ കടത്തു്, ചക്കരക്കടവുകടത്തു്, ചൊറായി ബോട്ടുജെട്ടി എന്നിവിടങ്ങളിലേക്കു് വൈപ്പിൻ-പള്ളിപ്പുറം റോഡിൽനിന്നുള്ള പുറമ്പോക്കു വഴികൾ ഇക്കൊല്ലം ഗ്രാക്കുമൊ ?

റാവുസാഹിബു് കെ. അയ്യപ്പൻ : വൈപ്പിൻ-പള്ളിപ്പുറം റോഡുപണി പൂർത്തിയാക്കുന്നതോടുകൂടി ഈ പുറമ്പോക്കു വഴികൾ ഗ്രാക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. കെ. വർഗ്ഗീസ്: ഈ വഴികളെക്കുറിച്ചു കഴിഞ്ഞ കൊല്ലം വല്ല നടപടികളും എടുത്തിട്ടുണ്ടോ ?

റാവു സാഹിബു് കെ. അയ്യപ്പൻ: അറിഞ്ഞുകൂടാ.

മിസ്റ്റർ എം. കെ. വർഗ്ഗീസ്: അതു് എന്നേക്കു പൂർത്തിയാകുമെന്നാണു് വിചാരിക്കുന്നതു്?

റാവു സാഹിബു് കെ. അയ്യപ്പൻ. അതു് കഴിയുന്നതും വേഗം പൂർത്തിയാക്കാൻ നോക്കുന്നുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഉദ്ദേശം എന്നേക്കു പൂർത്തിയാകും ?

റാവു സാഹിബു് കെ. അയ്യപ്പൻ: കഴിയുന്നതും വേഗം നടത്താമെന്നല്ലാതെ ഇന്നദിവസം കഴിയുമെന്നു തീർച്ചപറയാൻ സാദ്ധ്യമല്ല. കാരണം കൺട്രാക്ടർമാരെ ഏല്പിച്ചുകൊടുത്തിരിക്കയാണെങ്കിലും, ഇരുമ്പു സാമാനങ്ങളും, സിമൻറ് മുതലായ സാധനങ്ങളും അവർക്കു ഗവർമ്മെണ്ടു തന്നെയാണു് സപ്ലൈ ചെയ്യേണ്ടതു്. അങ്ങിനെ വരുമ്പോൾ സാധനങ്ങൾ നിശ്ചിതസമയത്തു കൊടുക്കാൻ സാധനം കിട്ടായ്കയാൽ സാധിച്ചു എന്നുവരില്ല. അതുകൊണ്ടു് കഴിയുന്നതും വേഗം പൂർത്തിയാക്കാമെന്നേ പറയാൻ തരമുള്ളു. വൈപ്പിൻ—പള്ളിപ്പുറം റോഡിൽ ഞാറയ്ക്കൽ മുതൽ വൈപ്പിൻ വരെയുള്ളതിന്റെ ടെൻഡർ വിളിച്ചേല്പിച്ചുകഴിഞ്ഞു. എങ്കിലും ഇക്കൊല്ലംതന്നെ തീർക്കാമെന്നു പറയാൻ സാദ്ധ്യമല്ല.

മിസ്റ്റർ പി കുമാരനെഴുത്തശ്ശൻ: ടെൻഡർ വിളിച്ചേല്പിച്ചു എന്നു് പറഞ്ഞുവല്ലോ. അതിന്റെ പണി എന്നു കഴിയും ?

റാവു സാഹിബു് കെ. അയ്യപ്പൻ: അതിന്റെ പണി ഉടനെ തുടങ്ങും. ആദ്യത്തെ എസ്റ്റിമേറനുസരിച്ചു ആ റോഡിന്റെ വീതി നൂറു അടി ആക്കാനാണു് തീർച്ചയാക്കിയിരുന്നതു്. അങ്ങിനെ വരുമ്പോൾ സ്ഥലം അക്വയർ ചെയ്യുവാൻ വളരെ വീടുകൾ ഒഴിപ്പിക്കേണ്ടതായിവരും. ഇതിനെ സംബന്ധിച്ചു ഞാൻ സ്ഥലത്തു പോയി നോക്കിയതിൽ കുറെ അധികം വീടുകൾ ഒഴിപ്പിക്കേണ്ടിവരുമെന്നു ബോദ്ധ്യമായി. ആ വീടുകൾ ഒഴിപ്പിക്കാതിരിക്കാൻവേണ്ടി റോഡിന്റെ വീതി ൮൦ അടിയായി കുറച്ചു. അങ്ങിനെ കുറച്ചതുകൊണ്ടു് കുറച്ചുതാമസം വന്നു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ൧൯൫൬-ൽ തന്നെ ഈ പണി അവസാനിക്കുമൊ ?

റാവു സാഹിബു് കെ. അയ്യപ്പൻ: ആ വഴിക്കു രണ്ടു മൂന്നു പാലങ്ങളും പണിയുവാനുള്ളതുകൊണ്ടു് കുറെ താമസം നേരിട്ടേക്കാം.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: ൧൯൫൬-ലേക്കു അവസാനിക്കുമൊ?

റാവു സാഹിബു് കെ. അയ്യപ്പൻ: തീർച്ചയായും കഴിയും.

മിസ്റ്റർ കെ. ടി. അച്യുതൻ: ഇപ്പോൾ ആ പ്രദേശങ്ങളിൽ നടക്കുവാൻ വഴിയുണ്ടൊ?

റാവു സാഹിബു് കെ. അയ്യപ്പൻ: വല്ലവരുടേയും പറമ്പിൽക്കൂടി നടക്കുകയായിരിക്കും.

മിസ്റ്റർ പി. മാണി: ഗവർമ്മെണ്ടിന്റെ അഭിപ്രായം റോഡുകൾ കഴിയുന്നതും വിസ്താരംകൂടുതൽ ആയിരിക്കണമെന്നല്ലെ? ഈ കായലോരം റോഡുകളെ സംബന്ധിച്ചേടത്തോളം കുറെ വീടുകൾ ഒഴിപ്പിക്കേണ്ടിവരുമെന്നുദ്ദേശിച്ചല്ലെ ൮൦ അടിയാക്കി കുറച്ചതു"?

റാവു സാഹിബു് കെ. അയ്യപ്പൻ. നാല്പതടിയായി കുറച്ചതു് അവിടെ കുടിപ്പാർപ്പു ഒഴിപ്പിക്കേണ്ടിവരുന്നതിനാലും അക്വിസിഷ്യൻ കോസ്റ്റ് വളരെ അധികമാകുന്നതുകൊണ്ടുമാണു്.

മിസ്റ്റർ പി. മാണി: റോഡുകളുടെ വീതി കുറഞ്ഞ സ്ഥലങ്ങളിൽ വീതി കൂട്ടേണ്ടതായിവരുന്നുണ്ടെന്നു ഗവർമ്മെണ്ടിന്നറിയാമൊ ?

റാവു സാഹിബു് കെ. അയ്യപ്പൻ: എറണാകുളം, തൃപ്പൂണിത്തുറ റോഡു വീതി കൂട്ടേണ്ടതായി വന്നിട്ടുണ്ടു്.

മിസ്റ്റർ പി. മാണി: അങ്ങിനെ വേണ്ടിവരുമ്പോൾ കൂടുതൽ പണം ചിലവാക്കേണ്ടിവരുമെന്നു ഗവർമ്മെണ്ടിന്നറിയാമൊ?

LIBRARY ARCHIVES Kerala Legislative Assembly

റാവു സാഹിബ് കെ. അയ്യപ്പൻ: കുറെക്കാലം കഴിയുമ്പോൾ റോഡു വിതി കൂട്ടുവാൻ ചിലവു വരുമെന്നുള്ളതു കണക്കാക്കി ഇപ്പോൾ കൂടുതൽ വിലക്ക സ്ഥലം അകപയർ ചെയ്യണമെന്നതു ശരിയല്ല. അതു വിചാരിച്ചുതന്നെയാണ് ൪൦ അടിയാക്കി കുറച്ചതു്.

MUSLIM STUDENTS—EDUCATIONAL CONCESSIONS

126. മിസ്റ്റർ കെ. എച്ച്. സുലൈമാൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവമ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) ഇവിടത്തെ മുസ്ലീം സമുദായം വിദ്യാഭ്യാസവിഷയത്തിൽ ഒരു പിന്നോക്ക സമുദായത്തിന്റെ നിലവിട്ട് ഉയർന്നിട്ടുണ്ടെന്നു തോന്നുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ മുസ്ലീം വിദ്യാർത്ഥിവിദ്യാർത്ഥിനികൾക്ക് നൽകിയിരുന്ന ആനുകൂല്യങ്ങൾ ചുരുക്കികളഞ്ഞതെന്തുകൊണ്ട്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) വിദ്യാഭ്യാസാനുകൂല്യങ്ങൾ ഫ ൦ ന്ന-ൽ കൊടുത്തുതുടങ്ങിയതിനുശേഷം ഇപ്പോൾ നില കുറച്ചു ഭേദപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നുണ്ട്.

(ബി) ആനുകൂല്യങ്ങൾ ചുരുക്കീട്ടില്ലെന്നതന്നെയല്ല, കൂട്ടുകയാണ് ചെയ്തിട്ടുള്ളതു്.

മിസ്റ്റർ കെ. എച്ച്. സുലൈമാൻ : ആനുകൂല്യം കൂട്ടുകയാണു് ചെയ്തിട്ടുള്ളതെന്നു് പറഞ്ഞുവല്ലൊ; അതു് എന്തെല്ലാമാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഇതിനു്മുമ്പു് മുസ്ലീം വിദ്യാർത്ഥിനികളിൽ ഏഴു പേർക്ക് സ്റ്റൈപെൻറ് കൊടുക്കാനായിരുന്ന നിശ്ചയം. അതു് ഇപ്പോൾ ൩൬ ആക്കീട്ടുണ്ടു്.

മിസ്റ്റർ പി. എ. മുഹമ്മദു അഷ്റഫ്: മുന്നു് മുസ്ലീം വിദ്യാർത്ഥികൾക്ക അവരുടെ ധനസ്ഥിതിനോക്കാതെ സ്റ്റൈപ്പെൻറ് കൊടുത്തിരുന്നില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അതിപ്പോൾ മാറി. കൂടുതൽ കുട്ടികൾക്കു്, ധനസ്ഥിതി ഇല്ലാത്ത കുട്ടികൾക്കു്, സൌകര്യം കിട്ടാൻ പാറിയവിധം ഏഴു വിദ്യാർത്ഥിനികൾക്കു് വേതനം നല്കുക എന്നുള്ളതു് മുപ്പത്തി ഏഴു വിദ്യാർത്ഥിനികൾക്കാക്കി.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റോഫ്: ഞാൻ ചോദിച്ചതു് അതല്ല; മുസ്ലീം വിദ്യാർത്ഥികൾക്കു് അവരുടെ ധനസ്ഥിതി നോക്കാതെതന്നെ സ്റ്റൈപെൻറ് കൊടുത്തിരുന്നില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ധനികന്മാരുടെ കുട്ടികൾക്കു് സൌജന്യം കൊടുക്കുവാൻ വിചാരിച്ചിരുന്നില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : അങ്ങിനെ വരുമ്പോൾ ഗവമ്മേണ്ടിന്റെ നില വരെ ധനവാന്മാരായവരുടെ കുട്ടികൾക്കു് ഈ ആനുകൂല്യം ഇപ്പോൾ കൊടുത്തു വരുന്നില്ലെന്നാണൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അങ്ങിനെയല്ല. ചില സമുദായങ്ങളെ വിദ്യാഭ്യാസപരമായിട്ടു് Backward Communities ആയി വിചാരിക്കപ്പെട്ടുന്നുണ്ടു്, അതിലൊന്നായ മുസ്ലീം സമുദായത്തിൽപെട്ട വിദ്യാർത്ഥിനികൾ ഏഴു് എന്നുള്ളതു് മുപ്പത്തി ഏഴു് എന്നു് ആക്കീട്ടുണ്ടെന്നാണു് പറഞ്ഞതു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റോഫ് : രണ്ടുമാസം മുമ്പു് എല്ലാ പ്രൈമറി ക്ലാസ്സുകളിലും സ്റ്റൈപെൻറ് കൊടുത്തിരുന്നതു് നിറുത്തുകയാണു് ചെയ്തിട്ടുള്ളതു്. ആ സ്ഥിതിക്കു് ആനുകൂല്യം വർദ്ധിപ്പിച്ചിട്ടുണ്ടെന്നു് പറയുന്നതു് ശരിയാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ പ്രൈമറി സ്കൂകൾ രണ്ടു തരത്തിലായിരുന്നു. അതായതു് ഫീസു്കൊടുക്കാതെ പഠിപ്പിച്ചിരുന്ന പ്രൈമറിസ്കൂകൾ, ഫീസ്സു കൊടുക്കേണ്ടിയിരുന്ന പ്രൈമറി സ്കൂകൾ ഇങ്ങിനെ രണ്ടു തരമായിരുന്നു. ഫീസ്സു കൊടുക്കേണ്ടിയിരുന്ന പ്രൈമറി സ്കൂകളിലെ മുസ്ലീം വിദ്യാർത്ഥികൾക്കു് സ്റ്റൈപെൻറ് കൊടുത്തിരുന്നു. പിന്നിടു് പ്രൈമറിസ്കൂകളിൽ ഫീസ്വേണ്ട എന്നു് വന്നപ്പോളാണു് സ്റ്റൈപെൻറ് കൊടുക്കാതിരുന്നതു്. അതാണു് ആനുകൂല്യം എടുത്തുകളഞ്ഞു എന്നു് പറയുന്നതു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : ഏഴണ്ടായിരുന്നതു് മുപ്പത്തിയേഴാക്കി എന്നു് പറഞ്ഞുവല്ലൊ; അന്നു് കിട്ടിയിരുന്നതിൽ കൂടുതൽ വിദ്യാർത്ഥിനികൾക്കു് ഈ ആനുകൂല്യം ഇപ്പോൾ കിട്ടുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അന്നു് കിട്ടിയിരുന്നതിൽ വളരെ കൂടുതലാണു് ഇന്നു് കിട്ടുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly